248/est/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ3-10718/2018/സിഇ/തസ്വഭവ** **തീയതി. 23.08.2018**

# സർക്കുലർ

വിഷയം : തസ്വഭവ - വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങൾ - ഏകോപനവും, പുനരധിവാസവും, പുനർനിർമ്മാണവും - സംബന്ധിച്ച്

സൂചന :
1) 21.08.2018-ലെ ബഹു. തസ്വഭവ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം
2) 22.08.2018-ലെ തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം

മേൽ സൂചന യോഗതീരുമാനങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. ടി തീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. കൂടാതെ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങളും കർശനമായി പാലിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ തകർന്ന റോഡുകളിൽ 6 മീറ്ററിൽ കൂടുതൽ വീതിയുള്ളതും, 2 കിലോമീറ്ററിൽ കുറയാത്ത നീളമുള്ളതുമായ റോഡുകൾ PMGSY കേന്ദ്രഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേൽ വിവരിച്ച തരത്തിലുള്ള റോഡുകളുടെ വിവരം ശേഖരിക്കുവാൻ എല്ലാ ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചുമതല നൽകുന്നതോടൊപ്പം പ്രസ്തുത വിവരം ക്രോഡീകരിച്ച് നൽകാൻ എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തുന്നു. കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളുടേത് അതാത് കോർപ്പറേഷൻ / മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ലഭ്യമാക്കേണ്ടതാണ്. റോഡിന്റെ പേര്, നീളം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

2) സൂചന (1) പ്രകാരമുള്ള ഖണ്ഡിക (2)-ൽ പറഞ്ഞിരിക്കുന് ഇലക്ട്രിക്കൽ, പ്ലംബിംഗ് മുതലായ റിപ്പയർ പ്രവൃത്തികൾ ചെയ്യുന്നതിന് അത്യാവശ്യ ഘട്ടങ്ങളിൽ വേണ്ടുന്ന സാധന സാമഗ്രികൾ (Solvent Cement, pipe, fittings, wires, switches) എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, സ്പോൺസർമാരിൽ നിന്നോ, സന്നദ്ധ സംഘടനകളിൽ നിന്നോ ശേഖരിക്കാവുന്നതാണ്.

**ചീഫ് എഞ്ചിനീയർ**

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ

P 1125